II ഇ.ബി. XV-കേരള നിയമസഭ/III-14

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 നവംബർ 01, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

41 (*391) ഭാരത്മാല പദ്ധതിയിലുൾപ്പെടുത്തിയ സംസ്ഥാനത്തെ റോഡുകൾ

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, ഭാരത്മാല പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ റോഡുകൾ പുനർനിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും NH 66-ന്റെ വീതി കൂട്ടൽ 17 പദ്ധതികളായാണ് നടപ്പിലാക്കുന്നതെന്നും പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണെന്നും സഭയെ അറിയിച്ചു. ദേശീയപാത അതോറിറ്റിയുടെ 11 Port connectivity Road, NH 966, NH 85, NH 544 ന്റെ രണ്ട് സ്ട്രെച്ചുകൾ, NH 183 & SH-1, NH 744 എന്നീ പദ്ധതികളുടെയും കുട്ട-മലപ്പുറം ദേശീയപാതയുടെയും DPR

പുരോഗമിക്കുന്നുണ്ട്. ദേശീയപാത 66-ന്റെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുകയും നാളിതുവരെ 40,84,63,00,871/- രൂപ നൽകുകയും NH 85, കോഴിക്കോട്- പാലക്കാട്, തിരുവനന്തപുരം-അങ്കമാലി എന്നീ 3 ഗ്രീൻഫീൽഡ് പാതകളുടെ സ്ഥലമേറ്റെടുക്കാനാവശ്യമായ തുകയുടെ 25% നൽകാമെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. NH 744, മൈസൂർ മലപ്പുറം Economic Corridor, NH 544 ന്റെ രണ്ട് സ്ട്രെച്ചുകൾ എന്നിവയ്ക്ക് സ്ഥലമേറ്റെടുപ്പിന്റെ 25% വഹിക്കണമെന്ന ആവശ്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും റോഡുകളുടെ നിർമ്മാണം IRC, കരാർ മാനദണ്ഡങ്ങൾ, MoRTH സ്പെസിഫിക്കേഷനുകൾ എന്നിവ പാലിച്ചാണ് നടപ്പിലാക്കുന്നതെന്ന് ദേശീയ പാത അതോറിറ്റി അറിയിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ചൊവ്വ-കുട്ടപ്പുഴ-മൈസൂർ റോഡ് ദേശീയപാതയായി പ്രഖ്യാപിക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്. ദേശീയ പാതാ അതോറിറ്റിയുടെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയും നിശ്ചിത ഫണ്ട് വകയിരുത്തുകയും ചെയ്യണമെന്ന് കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ദേശീയ പാത

വികസനത്തിന് സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക ഇടപെടൽ നടത്തുമെന്ന് ദേശീയപാതാ അതോറിറ്റി അറിയിക്കുകയും ദേശീയപാത 766-ന്റെ വികസനപ്രവർത്തനങ്ങൾ സംബന്ധിച്ച് പരിശോധിക്കുന്നതിന് നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ മഴക്കെടുതിയിൽ പാലങ്ങളും റോഡുകളും തകർന്നതിന്റെ ഭാഗമായി 202 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. എടപ്പാൾ മേൽപ്പാലത്തിന്റെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും മേലാറ്റൂർ-പുലാമന്തോൾ സംസ്ഥാനപാതയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുമെന്നും റോഡ് പുറമ്പോക്ക് കയ്യേറ്റങ്ങൾക്കെതിരെയും വർഷങ്ങളായി റോഡുകളുടെ വശങ്ങളിൽ പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യുന്നതിനും ഡ്രെയിനേജ് സംവിധാനം ഇല്ലാത്ത റോഡുകളിൽ അവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

42(*392) <u>രാജ്യാന്തര ടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി</u>

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കോവിഡ് വ്യാപനത്തെ തുടർന്ന് നിർത്തിവച്ച ടൂറിസ്റ്റ് വിസ പുനഃസ്ഥാപിച്ച

പശ്ചാത്തലത്തിൽ കേരളത്തിലെത്തുന്ന രാജ്യാന്തര വിനോദസഞ്ചാരികളെ സ്വീകരിക്കാൻ വിപുലമായ ഒരുക്കങ്ങൾ നടത്തുകയും ഇവരുടെ സുരക്ഷയ്ക്കായി പ്രത്യേക നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ പ്രത്യേക വാക്സിനേഷൻ പദ്ധതി നടപ്പാക്കുകയും സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ ബയോബബിൾ സുരക്ഷാവലയത്തിലാക്കുകയും വിനോദസഞ്ചാരികൾക്ക് കേരളം സുരക്ഷിതമാണെന്ന ആത്മവിശ്വാസം പകരാൻ പ്രചരണപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയുർവ്വേദടൂറിസം പ്രോത്സാഹിപ്പിക്കാൻ പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിന് രൂപം നൽകിവരുന്നുണ്ടെന്നും ആയുർവ്വേദ സെന്ററുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ക്ലാസിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുകയും ഇവയുടെ വിശദാംശങ്ങൾ ടൂറിസം വകുപ്പിന്റെ ബ്രോഷറുകൾ, വെബ്സൈറ്റ് എന്നിവ മുഖേന പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഈ രംഗത്ത് മുതൽമുടക്കിയിരിക്കുന്ന സംരംഭകരെയും തൊഴിലാളികളേയും സഹായിക്കാൻ നടപ്പാക്കിയ വായ്പാപദ്ധതിയും ഹൗസ് ബോട്ടുകൾക്കുള്ള ഒറ്റത്തവണ മെയിന്റനൻസ് ഗ്രാന്റും തുടരുകയും അംഗീകൃത ടൂറിസം ഗൈഡുകൾക്ക് 10,000 രൂപയുടെ ഒറ്റത്തവണ

ധനസഹായം നൽകുകയും പലിശരഹിത റിവോൾവിംഗ് ഫണ്ട് പദ്ധതിക്ക് രൂപംനൽകുകയും ചെയ്തിട്ടുണ്ട്. ആഭ്യന്തര ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുമെന്നും കാരവൻ പാർക്കുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഫലപ്രദമായി മുന്നോട്ടുപോകുന്നുണ്ടെന്നും ഗ്രാമീണ മേഖലയിലെ അൺഎക്സ്പ്ലോഡഡ് ടൂറിസം ഡെസ്റ്റിനേഷനുകൾ മെച്ചപ്പെടുത്തുന്നതിന് രൂപം കൊടുത്ത പ്രത്യേക ആപ്പ് നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും പഴശ്ശി ഇറിഗേഷൻ പദ്ധതിയുടെ ടൂറിസം സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുമെന്നും കൊണ്ടോട്ടി പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് നവീകരണത്തിന് പ്രഥമ പരിഗണന നൽകുമെന്നും ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് വിവിധ വകുപ്പുകളുമായിചേർന്ന് സമഗ്ര പദ്ധതികൾ ആവിഷ്കരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

43 (*393) <u>തോട്ടം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് പാക്കേജ്</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, തോട്ടം മേഖലയുടെ പുനരുജ്ജീവനത്തിനും സംരക്ഷണത്തിനും സമഗ്ര പ്ലാന്റേഷൻ നയം രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കോവിഡ്-19-ന്റെ വ്യാപനവുമായി ബന്ധപ്പെട്ട് ലോക്ഡൗൺ

കാലത്ത് പ്ലാന്റേഷൻ ലേബർ നിയമത്തിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങളിലേയും പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലേയും കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്കും 1000/- രൂപ വീതം രണ്ട് ഘട്ടമായി സംസ്ഥാന സർക്കാർ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായം, വിവാഹ-മരണാനന്തര-ചികിത്സാ ധനസഹായങ്ങൾ, സ്കൂൾ കുട്ടികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവയും നൽകിവരുന്നുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ തോട്ടം മാനേജ്മെന്റുകൾ തോട്ടം തൊഴിലാളികൾക്കുവേണ്ടി നടത്തുന്ന ചികിൽസാ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. തോട്ടം മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും അടിസ്ഥാനവേതനത്തിൽ 52/-രൂപയുടെ വർദ്ധന വരുത്തുകയും ചെയ്തിട്ടുണ്ട്. സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്വതന്ത്രഭവനങ്ങൾ നിർമ്മിച്ചുനൽകാൻ നടപടി സ്വീകരിക്കുകയും ഒൻപത് വീടുകളുടെ താക്കോൽ കൈമാറുകയും ചെയ്തിട്ടുണ്ട്. ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനായി

മൂന്നാറിൽ കണ്ടെത്തിയ 5.49 ഏക്കർ ഭൂമി കൈമാറിക്കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഭവനം ഫൗണ്ടേഷൻ കേരളയുടെ Own Your Own Housing Scheme-ൽ പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിലെ ആർ.പി.എൽ. തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തുകയും കുളത്തൂപ്പുഴ എസ്റ്റേറ്റിൽ ആറ് വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.